32133 / 1482/19/HRD

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

നമ്പർ ഔഭാ4/4/2019/ഉഭപവ.

തിരുവനന്തപുരം,

തീയതി : 28.01.2019

30 JAN 2019
05 FEB 2019

**സർക്കുലർ**

വിഷയം:- ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്- ലോക മാതൃഭാഷാദിനം - സംബന്ധിച്ച്.

സൂചന : - 16.02.2018- ലെ സ.ഉ. (സാധാ) നം.90/2018/ഉഭപവ .

കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഭാഷാ - സാംസ്കാരിക പരിപാടികളിൽ ഭാഷാപ്രതിജ്ഞ ചൊല്ലിക്കൊടുക്കണമെന്ന് സൂചനയിലെ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ലോക മാതൃഭാഷാദിനമായ ഫെബ്രുവരി 21 - ന് എല്ലാ വിദ്യാലയങ്ങളിലും മലയാളം മാതൃഭാഷയായിട്ടുള്ള അധ്യാപകരും വിദ്യാർത്ഥികളും താഴെക്കൊടുത്തിരിക്കുന്ന പ്രതിജ്ഞയെടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

*"മലയാളമാണ് എന്റെ ഭാഷ .*
*എന്റെ ഭാഷ എന്റെ വീടാണ്.*
*എന്റെ ആകാശമാണ്.*
*ഞാൻകാണുന്ന നക്ഷത്രമാണ്.*
*എന്നെത്തഴുകുന്ന കാറ്റാണ്.*
*എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.*
*എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.*
*ഏതുനാട്ടിലെത്തിയാലും ഞാൻ സ്വപ്നംകാണുന്നത്*
*എന്റെ ഭാഷയിലാണ്.*
*എന്റെ ഭാഷ ഞാൻതന്നെയാണ്."*

**എസ്.മുഹമ്മദ് ഇസ്മായിൽ കുഞ്ഞ്**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ് - പൊതുവിദ്യാഭ്യാസവകുപ്പ് / ഉന്നതവിദ്യാഭ്യാസവകുപ്പ്
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
പൊതുവിദ്യാഭ്യാസ ഡയറക്ടർ/ വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടർ/ കോളേജ് വിദ്യാഭ്യാസഡയറക്ടർ /മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ / സാങ്കേതിക വിദ്യാഭ്യാസഡയറക്ടർ / ഹയർ സെക്കൻഡറി ഡയറക്ടർ .
വെബ് & ന്യൂ മീഡിയ വിഭാഗം (വിവരപൊതുജനസമ്പർക്കവകുപ്പ്)
(പ്രസിദ്ധീകരണത്തിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

ഇണ്ടാസ് നമ്പർ. ഇഎ1/847/2019/എച്ച്.ആർ.ഡി	തീയതി: 13.02.2019

1. തുടർ നടപടികൾക്കായി എല്ലാ സ്ഥാപനമേധാവികൾക്കും
2. അഡിഷണൽ ഡയറക്ടർ
3. ഡെപ്യൂട്ടി ഡയറക്ടർ
4. കരുതൽ ഫയൽ
5. ഓഫീസ് പകർപ്പ്

ഒപ്പ്
ഡയറക്ടർ

**അംഗീകാരത്തോടെ**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**